| പതിനാലാം കേരള നിയമസഭ | |
|---|---|
| പത്താം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.24 | 26/02/2018 ൽ മറുപടിക്ക് |
| **വിജിലൻസ് ഡയറക്ടർ നിയമനം** | |
| ചോദ്യം | മറുപടി |
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) വിജിലൻസ് കമ്മീഷൻ രൂപീകരിക്കണമെന്ന് ഭരണപരിഷ്കാര കമ്മീഷൻ അതിന്റെ ഒന്നാമത് റിപ്പോർട്ടിൽ ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (എ) ഉണ്ട്.റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) സംസ്ഥാന പോലീസ് മേധാവിയുടെയും വിജിലൻസ് ഡയറക്ടറുടെയും തസ്തികകൾ കേന്ദ്ര സർക്കാർ അംഗീകരിച്ച ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികകളാണോ; | (ബി) സംസ്ഥാന പോലീസ് മേധാവിയുടെയും വിജിലൻസ് ഡയറക്ടറുടെയും തസ്തികകൾ കേന്ദ്ര സർക്കാർ അംഗീകരിച്ച ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികകളാണ്. |
| (സി) ക്രമസമാധാന ചുമതലയുള്ള ഡി.ജി.പി.യെ ത്തന്നെ കേഡർ പദവി യില്ലുള്ള വിജിലൻസ് ഡയറക്ടറായി ആറുമാസത്തിലധികം കാലയളവിൽ നിയമിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതി ആവശ്യ മുണ്ടോ; ശ്രീ. ലോക് നാഥ് ബെഹ്റയ്ക്ക് വിജിലൻസ് ഡയറക്ടറുടെ അധികചുമതല പതിനൊന്ന് മാസത്തോളം നൽകിയത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതി യോടുകൂടിയായിരുന്നോ; ഇല്ലെങ്കിൽ കാരണമെന്താണ്; | (സി) ഇന്ത്യൻ പോലീസ് സർവീസ് (കേഡർ ) റൂൾസ് 1954 ലെ 11 (ii) ചട്ട പ്രകാരം സംസ്ഥാന സർക്കാരിന് ആവശ്യമുള്ളപക്ഷം ഒരു കേഡർ ഓഫീസർക്ക് മറ്റൊരു കേഡർ തസ്തികയുടെ ചുമതല കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ 12 മാസത്തിൽ കവിയാതെയുള്ള കാലയളവിലേക്ക് നൽകാവുന്നതാണ്.വിജിലൻസ് ഡയറക്ടറുടെ അധികച്ചുമതല ശ്രീ.ലോകനാഥ ബെഹ്റ ഐ.പി. എസ് ന് തുടർച്ചയായി 11 മാസം നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | വിജിലൻസ് വകുപ്പിൽ സ്ഥിരം ഡയറക്ടറെ നിയമിക്കാത്തതിന് കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിനെ വിമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിമർശനത്തിന് ശേഷവും ഇക്കാര്യത്തിൽ കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | വിജിലൻസ് വകുപ്പിൽ ഡയറക്ടർ നിയമനവുമായി ബന്ധപ്പെട്ട് ബഹു: മാനപ്പെട്ട ഹൈക്കോടതി വിമർശനം ഒന്നും നടത്തിയിട്ടില്ല. സ.ഉ (സാധാ.) നം.954/18/GAD തീയതി 14/02/2018 പ്രകാരം പുതിയ ഡയറക്ടറെ നിയമിക്കുകയും 16/02/2018 ന് ചാർജെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | വിജിലൻസ് ഡയറക്ടറുടെ പദവി എക്സ് കേഡർ തസ്തികയാക്കി മാറ്റുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നുവോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വിശദമാക്കുമോ? | (ഇ) | വിജിലൻസ് ഡയറക്ടറുടെ തസ്തിക കേഡർ തസ്തികയാണ്. ഈ തസ്തിക എക്സ് കേഡർ ആക്കി മാറ്റുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ